**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6221** | **08/07/2014 ൽ മറുപടിയ്ക്ക്**

**ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങൾക്കുള്ള സഹായം**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ. എം. ചന്ദ്രൻ** | | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) ആത്മഹത്യ ചെയ്തവരുടെ എത്ര കുടുംബങ്ങൾക്കാണ് ദുരിതാശ്വാസനിധിയിൽ നിന്ന് കഴിഞ്ഞ വർഷം ധനസഹായം അനുവദിച്ചിട്ടുള്ളതെന്നറിയിക്കുമോ; (ബി) ധനസഹായം അനുവദിച്ചവരുടെ പേരുവിവരം അറിയിക്കുമോ; (സി) കുടുംബനാഥൻ കൊലചെയ്യപ്പെട്ട കേസുകളിൽ ഏതെങ്കിലും കുടുംബത്തിന് ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം അനുവദിച്ചിട്ടുണ്ടോ; (ഡി) എങ്കിൽ എത്ര പേർക്ക് നല്കിയെന്നും ആർക്കൊക്കെയാണെന്നും വ്യക്തമാക്കുമോ ? | (എ), (ബി), (സി) & (ഡി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം ആത്മഹത്യചെയ്തവരുടെ ആശ്രിതർ, കൊലചെയ്യപ്പെട്ടവരുടെ ആശ്രിതർ എന്നിവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കാറില്ല. എന്നാൽ അശ്രിതരുടെ സാമ്പത്തികമായ പിന്നോക്കാവസ്ഥയും ദയനീയമായ കുടുംബസാഹചര്യങ്ങളും പരിഗണിച്ച് ചിലർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ധനസഹായം അനുവദിക്കുന്നതിനുള്ള കാരണം പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇത്തരത്തിൽ ധനസഹായം അനുവദിച്ചവരുടെ പേരുവിവരം നൽകുക പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ.